"ഭരണഭാഷ-മാതൃഭാഷ"

അടിയന്തിരം

നം. എച്ച് 3/6446/2018

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ. തിയ്യതി 26/02/2019
E.mail: ddedntsr@gmail.com
Website: WWW.ddethrissur.org
Phone: 0487 2360810.

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - സ്കൂളുകളിൽ COTPA നിയമം നടപ്പിലാക്കുന്നതിന് ഹെഡ്മാസ്റ്റർമാർക്ക് 28/02/19, 01/03/19 എന്നീ തിയ്യതികളിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- തൃശ്ശൂർ ജില്ല മെഡിക്കൽ ആഫീസറുടെ (ആരോഗ്യം) 23/02/2019 ലെ സി 3-3792/2019/ജി.മെ.ഒ നമ്പർ കത്ത്

***

സൂചന പ്രകാരം സ്കൂളുകളിൽ COTPA നിയമം നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് പ്രധാന അദ്ധ്യാപകരെ ബോധവത്ക്കരിക്കുന്നതിനായി 2019 ഫെബ്രുവരി 28, മാർച്ച് 1 എന്നീ തിയ്യതികളിൽ താഴെപ്പറയും പ്രകാരം ഒരു പരിശീലന ക്ലാസ്സ് നടത്തുന്നതാണ്. തൃശ്ശൂർ ജില്ലയിലെ എല്ലാ ഗവൺമെന്റ്, എയിഡഡ്, എൽ.പി, യു.പി, ഹൈസ്ക്കൂൾ പ്രധാന അദ്ധ്യാപകരും നിർബന്ധമായും ഈ പരിശീലന ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. ഇപ്പോഴും പല സ്കൂളുകളിലും COTPA നിയമം ശരിയായി പാലിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിനാലും, സ്കൂളുകളിലെ കുട്ടികളുടെ ഇടയിൽ പുകയിലയുടെ ഉപയോഗം കൂടി വരുന്ന സാഹചര്യത്തിലുമാണ് ഈ പരിശീലനയോഗം നടപ്പാക്കുന്നത്. ആകെ ഒരു മണിക്കൂർ മാത്രമേ പരിശീലന ക്ലാസ്സ് ഉണ്ടായിരിക്കുകയുള്ളൂ.

| തിയ്യതി | സമയം | സ്ഥലം | പങ്കെടുക്കേണ്ടവർ |
|---|---|---|---|
| 28/02/2019 | രാവിലെ 11 മണി മുതൽ 12 വരെ | സി.എം.എസ്.എച്ച്.എസ്.എസ്. തൃശ്ശൂർ | തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിലെ എല്ലാ ഗവ./എയിഡഡ്/ എൽ.പി/യു.പി/ എച്ച്.എസ് പ്രധാന അദ്ധ്യാപകർ |

Scanned by CamScanner

| | | | |
|---|---|---|---|
| 28/02/2019 | ഉച്ചയ്ക്ക്ശേഷം 2 മണി മുതൽ 3 വരെ | നാഷ്ണൽ എച്ച്.എസ്. എസ്.ഇരിങ്ങാലക്കുട | ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ എല്ലാ ഗവൺമെന്റ്/എയിഡഡ്/ എൽ.പി/യു.പി/എച്ച്.എസ് പ്രധാന അദ്ധ്യാപകർ |
| 01/03/2019 | ഉച്ചയ്ക്ക്ശേഷം 2 മണി മുതൽ 3 വരെ | കുന്ദംകുളം ബോയ്സ് എച്ച്.എസ്.എസ്.സ്കൂൾ | ചാവക്കാട് വിദ്യാഭ്യാസ ജില്ലയ്ക്ക് കീഴിലെ എല്ലാ ഗവൺമെന്റ്/എയിഡഡ്/ എൽ.പി/യു.പി/എച്ച്.എസ് പ്രധാന അദ്ധ്യാപകർ |

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അവരുടെ കീഴിലുള്ള സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്ക് യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
**വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി**

//അംഗീകാരത്തോടെ//

**സൂപ്രണ്ട്**

പകർപ്പ് ഃ

തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)

സി.എം 26/02

Scanned by CamScanner